GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/08/2026

1. ഫാം ഇൻഫൊർമേഷൻ ബ്യൂറോ കുട്ടനാട് FM 90.0യിൽ കുട്ടനാടിന്റെ കൃഷി സമൃദ്ധി, കർഷകരുടെ സംശയങ്ങളും അവയ്ക്കുള്ള മറുപടിയും എന്ന പരിപാടിയിൽ **"പ്രകൃതിക്ഷോഭം, പ്രളയം , മുൻകരുതലുകൾ"** എന്നിവയ്ക്ക് കർഷകർക്ക് ചോദിക്കാം" 07/08/2026 ന് വെള്ളിയാഴ്ച രാവിലെ 11 മുതൽ ഉച്ചയ്ക്ക് 1 മണി വരെ ആലപ്പുഴ രാമങ്കരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജോസഫ് ജെഫ്രി മറുപടി നൽകുന്നു. 9995219523 എന്ന നമ്പരിൽ ബന്ധപ്പെടാം.

2. കേരള വെറ്ററിനറി യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം, മണ്ണുത്തി പരിശീലനകേന്ദ്രത്തിൽ വെച്ച് 18.08.2026 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന ആട് ഫാമിങ്ങ്-ഭാവിയുടെ

**ബിസിനസ്** എന്നവിഷയത്തെക്കുറിച്ച് ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം ബുക്ക് ചെയുന്ന 25 പേർക്ക് മാത്രമാണ് അവസരം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447796219, 8891980465, 8089510367 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി വിതുര കൃഷിഭവൻ മികച്ച കർഷകരെ ആദരിക്കുന്നു. മികച്ച ജൈവ കർഷകർ, മികച്ച SC /STവിഭാഗം കർഷകൻ /കർഷക, വനിതാ കർഷക, കർഷക തൊഴിലാളി (കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗതം ഉള്ളവർക്കു മുൻഗണന), വിദ്യാർത്ഥി കർഷകൻ/കർഷക, മുതിർന്ന കർഷകൻ (60 വയസ്സിന് മുകളിൽ പ്രായമുള്ള കർഷകർ), സമ്മിശ്ര കർഷകൻ/കർഷക, ക്ഷീര കർഷകൻ/കർഷക, തേനീച്ച കർഷകൻ/കർഷക എന്നീ വിഭാഗങ്ങളിലാണ് കർഷകരെ ആദരിക്കുന്നത്. കർഷകരിൽ നിന്നു അപേക്ഷ നേരിട്ടും വാർഡ് മെമ്പർമാർ മുഖേനെ നോമിനേഷനായും ആഗസ്റ്റ് 7 വരെ കൃഷിഭവനിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9383470167 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

4. നാളികേര വികസന ബോർഡ് നടപ്പാക്കുന്ന **തെങ്ങ് പുതുക്കൃഷി പദ്ധതിയിൽ** ഗുണഭോക്താക്കൾക്കുള്ള സഹായധനം വർധിപ്പിച്ചു.

തെങ്ങിൻതൈ ഒന്നിന് ഇനിമുതൽ 350 രൂപവരെ ധനസഹായം ലഭിക്കും. പരമാവധി രണ്ടു ഹെക്ടറിനു കൃഷിയിടങ്ങളിൽ തുറസായ സ്ഥലത്ത് പുതിയ തെങ്ങിൻ തൈകൾ ശാസ്ത്രീയമായി നട്ട് കൃഷി വ്യാപിപ്പിക്കുന്നതാണ് പദ്ധതി. ഒരു ഹെക്ടറിൽ പുതുക്കൃഷിക്ക് 56,000 രൂപ വരെ സഹായധനം ലഭിക്കും. കുറഞ്ഞത് 20 സെന്റ് സ്ഥലത്ത് 10 തെങ്ങിൻതൈകളെങ്കിലും പുതുതായി നടുന്നവർക്കും സഹായധനത്തിന് അർഹതയുണ്ട്. തൈകൾ നട്ടതിനുശേഷം നിർദിഷ്ട ഫോമിൽ അതത് കൃഷിഭവൻ മുഖേന അപേക്ഷ സമർപ്പിക്കണം. പദ്ധതികളുടെ വിശദവിവരങ്ങളും അപേക്ഷാഫോമുകളും നാളികേര വികസന ബോർഡിന്റെ https://coconutboard.gov.in/ വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 23777266, 0484 23777267 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. ബാലരാമപുരം കൃഷിഭവനിൽ നിന്ന് ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ കുരുമുളക് കട്ടിങ്ങ് എന്നിവ വിതരണത്തിനായി എത്തിയിട്ടുണ്ട്. താല്പര്യമുള്ള കർഷകർ കരമടച്ച രസീത്, ആധാർകാർഡ് എന്നിവയുടെ കോപ്പി സഹിതം കൃഷി ഓഫീസിൽ നേരിട്ട് എത്തി വാങ്ങേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470131 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

6. കേരള കാർഷിക സർവകലാശാലയുടെ വിവിധ സ്റ്റേഷൻ/കോളേജുകളിൽ ആർ.എഫ്. മോഡിൽ നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്, പി.ജി. ഡിപ്ലോമ ഇൻ ഹൈ-ടെക് ഹോർട്ടികൾച്ചർ, പി.ജി. ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ്, പി.ജി. ഡിപ്ലോമ ഇൻ ഇന്റഗ്രേറ്റഡ് ഫാം മാനേജ്മെന്റ് എന്നീ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് 11-ന് രാവിലെ 10.30-ന് തൃശ്ശൂർ വെള്ളാനിക്കരയിലെ പഴയ ഹെഡ്ക്വാർട്ടേഴ്സിലെ റൂഫ് ടോപ്പ് ഹാളിൽ വെച്ച് നടക്കും. യോഗ്യത, ഒഴിവുള്ള സീറ്റുകൾ, ഫീസ് എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭിക്കാൻ KAU അഡ്മിഷൻ പോർട്ടൽ സന്ദർശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0487-2438139 എന്ന നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ബന്ധപ്പെടാവുന്നതാണ്.

7. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി കിളിമാനൂർ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തും പഴയകുന്നുമ്മേൽ കൃഷിഭവനും സംയുക്തമായി മികച്ച കർഷകരെ ആദരിക്കുന്നു. മികച്ച നെൽകർഷകൻ, മികച്ച കേരകർഷകൻ, മികച്ച വാഴ കർഷകൻ, യുവകർഷകൻ, മികച്ച പച്ചക്കറി കർഷകൻ, മികച്ച വിദ്യാർത്ഥി, മികച്ച

പുഷ്പകൃഷി കർഷകൻ , മികച്ച സമ്മിശ്രകർഷകൻ, മികച്ച ക്ഷീരകർഷകൻ, മികച്ച തേനീച്ച കർഷകൻ, മികച്ച വനിത കർഷക, മുതിർന്ന കർഷകൻ, മികച്ച എസ്സി/ എസ്ടി കർഷകൻ, കർഷകത്തൊഴിലാളി, കുരുമുളക് കൃഷി എന്നീ വിഭാഗങ്ങളിലാണ് കർഷകരെ ആദരിക്കുന്നത്. അപേക്ഷകൾ 06.08.2026 വരെ പഴയകുന്നുമ്മേൽ കൃഷി ഭവനിൽ സമർപ്പിക്കാം.